കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചങ്ങനാശ്ശേരി നഗരസഭയിലെ സാനിട്ടേഷൻ വർക്കർ ശ്രീ.പി. സെൽവരാജിന്റെ ചികിത്സയ്ക്ക് 1,50,000/- രൂപ പലിശ രഹിത വായ്പയായി അനുവദിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1386/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.05.2015.

=====================================================================

പരാമർശം:-
1) ചങ്ങനാശ്ശേരി നഗരസഭാ കൗൺസിലിന്റെ 25.03.2015-ലെ സപ്ലിമെന്ററി 1-ാം നമ്പർ തീരുമാനം.
2) ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 27.03.2015-ലെ എച്ച്2-4081/15 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 04.04.2015-ലെ ഡി.സി.1/7184/2015 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. പി. സെൽവരാജിന് ഹൃദയ സംബന്ധമായ അസുഖത്തിന് കോട്ടയം മെഡിക്കൽ കോളേജിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഹൃദയ ശസ്ത്രക്രിയയുടെ ചെലവിനായി 1,50,000/- രൂപ പലിശ രഹിത വായ്പയായി അനുവദിക്കണമെന്ന പരാമർശം (1) ലെ കൗൺസിൽ തീരുമാനത്തിന്റെയും പരാമർശം (2)-ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത തുക പലിശ രഹിത വായ്പയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചങ്ങനാശ്ശേരി നഗരസഭയിലെ സാനിട്ടേഷൻ വർക്കറായ ശ്രീ.പി. സെൽവരാജിന്റെ ഓപ്പറേഷൻ സംബന്ധമായ ആവശ്യത്തിലേയ്ക്കായി 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരസഭാ സെക്രട്ടറിയും, നഗരകാര്യ ഡയറക്ടറും പരിശോധിച്ച് ബോധ്യപ്പെട്ടുകൊള്ളണമെന്ന വ്യവസ്ഥയിൽ ടി തുക ചങ്ങനാശ്ശേരി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പലിശ രഹിത വായ്പയായി അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സൈമൺ. എച്ച്.**
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(അപേക്ഷയും സഹപത്രങ്ങളും സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ.
ശ്രീ. പി. സെൽവരാജ്, സാനിട്ടേഷൻ വർക്കർ, ചങ്ങനാശ്ശേരി നഗരസഭ
(ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**